**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2985-ന്റെ (ബി) പിരിവിൽ പറയുന്ന കേസ് കാരണം ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ നടക്കാത്തതിനാൽ ഫസ്റ്റ്, സെക്കൻഡ്, തേർഡ് ഗ്രേഡ് സിവിൽ ഓവർസിയർ തസ്തികകളിൽ സ്ഥാനനക്കയറ്റം മൂലം ഉണ്ടാകേണ്ട ഒഴിവുകൾ ഉണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രീതിയിൽ നാളിതുവരെ നികത്താത്ത ഫസ്റ്റ്, സെക്കൻഡ്, തേർഡ് ഗ്രേഡ് സിവിൽ ഓവർസിയർ തസ്തികകളിലെ ഒഴിവുകളുടെ ആകെ എണ്ണം എത്രയെന്ന വ്യക്തമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ നടക്കുന്നതിന് അനുസൃതമായാണ് ഒന്നാം തരം ഓവർസിയർ (സിവിൽ) രണ്ടാം തരം ഓവർസിയർ (സിവിൽ), മൂന്നാം തരം ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്നത്. നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഒന്നാം തരം ഓവർസിയർ (സിവിൽ) തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി നികത്തേണ്ട 104 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തപ്പെടുമ്പോൾ അത്രയും ഒഴിവുകൾ ഓവർസിയർ തസ്തികയിലും ഉണ്ടാകുന്നതാണ്.** |
| (ബി) | പ്രസ്തുത ചോദ്യത്തിനുള്ള ഉത്തരത്തിലെ (സി) പിരിവിൽ സൂചിപ്പിച്ചിരുന്ന സ്പഷ്ടീകരണം സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; ലഭ്യമായിട്ടില്ലെങ്കിൽ ആയത് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിന്റേയും നാളിതുവരെയുള്ള ഓർമ്മക്കുറിപ്പുകളുടേയും പകർപ്പ് ലഭ്യമാക്കാമോ; ലഭ്യമായിട്ടുണ്ടെങ്കിൽ സർക്കാരിൽ നിന്നും ലഭിച്ച സ്പഷ്ടീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | **ചീഫ് എഞ്ചിനീയർ (ഐ & എ) ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം നൽകിയിട്ടില്ല. ഇക്കാര്യം എ3/225/ 2021/ജ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. ഈ വിഷയത്തിൽ ചീഫ് എഞ്ചിനീയർ (ഐ& എ)-യിൽ നിന്നും ഓർമ്മക്കുറിപ്പുകൾ ലഭിച്ചിട്ടില്ല. സ്പഷ്ടീകരണം ആവശ്യപ്പെട്ട് കൊണ്ടുള്ള ചീഫ് എഞ്ചിനീയർ (ഐ& എ)യുടെ കത്ത് അനുബന്ധമായി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

ഗ(A)

CEIA/101/21-A6

ചീഫ് എൻജിനീയറുടെ കാര്യാലയം

ജലസേചനവും ഭരണവും
തിരുവനന്തപുരം

26 / 02 /2022

ഗവണ്മെന്റ് സെക്രട്ടറി
ജല വിഭവ (എ) വകുപ്പ്
തിരുവനന്തപുരം

വിഷയം - ജല.-ജീവന-ശ്രീ. ഷരഫുദ്ദീൻ സി റ്റി യുടെ അപേക്ഷ – സംബന്ധിച്ച്

സൂചന - (1) 06/11/21ലെ എ3/225/21ജവിവാം നം കത്ത്
(2) 28/10/21ലെ എ3/214/21ജവിവാം നം കത്ത്
(3) 08/06/21 ലെ സ ഉ (കൈ)നം. 13/21 /ഉ.ഭ.പ.വ

മേൽ സൂചനകളിലേക്ക് സർക്കാരിന്റെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ഈകാര്യാലയത്തിൽ നിലവിൽ വന്ന പ്രൊമോഷൻ, റിട്ടയർമെന്റ് ഉൾപ്പെടെ,നിലവിലുള്ള എല്ലാ മൂന്നാംതരംഓവർസിയർമാരുടെഒഴിവുകളും പി എസ് സി ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രേസർമാരുടെ നിയമനം ബൈ പ്രൊമോഷൻ വഴിയാണ് നടത്തുന്നത്. ജി ഒ (ആർടി) നം.341/2021/WRD തീയതി.30/06/2021 പ്രകാരം 01/01/2021 മുതൽ ബ്ലൂ പ്രിൻറ്റെർ വാനിഷിംഗ് കാറ്റഗറിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ടിയാന്റെ അപേക്ഷയിൽ 08/06/21-ഇലെ സ.ഉ (കൈ)നം. 13/21/ഉഭപവ പ്രകാരം ഹയർ ഗ്രേഡ് തസ്തികയിൽ, കേസുകൾ കാരണം പ്രൊമോഷൻ തടസപ്പെടുന്നതുവഴി ഉണ്ടാകേണ്ട ഒഴിവുകൾ എന്ടി കേഡറിൽ താൽക്കാലികമായി തരംതാഴ്ത്തിഉത്തരവാകണമെന്നും, പ്രൊമോഷൻനടക്കുമ്പോൾടിതസ്തികകൾഅപ്ഗ്രേഡ് ചെയ്ത് സ്ഥാനക്കയറ്റംഅനുവദിക്കാവുന്നതാണെന്നുംമേൽപ്രകാരം ഉത്തരവായിട്ടുണ്ടെ ന്നുംഅതുകൊണ്ട് മൂന്നാംഗ്രേഡ്തസ്തികയിലും ആ രീതിയിൽ ഒഴിവുകൾ റിപ്പോർട്ട്ചെ യ്യേണ്ടതാണെന്നുംആവശ്യപ്പെടുന്നു.ആകാലയളവിൽലാസ്റ്റ് ഗ്രേഡ്തസ്തികയുടെറാങ്ക് ലിസ്റ്റ് ന്റെ കാലാവധിഅവസാനിക്കുന്ന സാഹചര്യത്തിലാണ ടി ഉത്തരവു പുറപ്പെടുവിച്ചത് എന്നാണ മനസ്സിലാക്കുന്നത്. ലിസ്റ്റ് നിലവിലുള്ള മൂന്നാം ഗ്രേഡ് ഓവർസിയർമാർക്കും

പ്രസ്തുത ഉത്തരവ്വ ബാധകമാണോയെന്ന വിവരം അടിയന്തരമായി അറിയിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ചീഫ് എഞ്ചിനീയർ